# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2468 9.3.2018 -ൽ മറുപടിക്ക്

## താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. **വി.ടി.ബൽറാം** | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നേരിട്ട് നടത്തുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ. എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) സർക്കാർ/അർദ്ധ സർക്കാർ ഉൾപ്പെടെയുള്ള ഏതാനും ചില സ്ഥാപനങ്ങളിൽ, എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നേരിട്ട താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പരിശോധന നടത്തുകയും അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ അപ്രകാരം നിയമനം നേടിയവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തുന്നതിന് ഉദ്യോഗദായകന് നിർദ്ദേശം നൽകുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

(ബി) അനധികൃതമായി നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് പ്രസ്തുത ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

ബി) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാതെ, നേരിട്ട് നിയമനം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ അനധികൃത നിയമനം ലഭിച്ചവരെ പിരിച്ചു വിട്ട് ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന നിർദ്ദേശം എംപ്ലോയ് മെന്റ് വകുപ്പിൽ നിന്നും നൽകാറുണ്ട്.

(സി) എങ്കിൽ ഏതൊക്കെ ഓഫീസുകളിലും, സ്ഥാപനങ്ങളിലും 2017 ൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി) എംപ്ലോയ് മെന്റ് വകുപ്പ് നേരിട്ട് നടത്തുന്ന എംപ്ലോയ് മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ പരിശോധനകളുടെ അടിസ്ഥാനത്തിലും അനധികൃതനിയമനം സംബന്ധിച്ച പരാതി ലഭിച്ചതിനെ തുടർന്നും കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പേര് ചുവടെ കൊടുക്കുന്നു.

1. കെയർഹോം, കൊല്ലം
2. ഇ.എസ്.ഐ ആശുപത്രികൾ (തിരുവനന്തപുരം, കൊല്ലം, പാലക്കാട്)
3. വൃദ്ധ സദനം, കൊല്ലം
4. എസ്.ഇ.ആർ.ടി, മലപ്പുറം
5. കാപ്പാട്, പന്നിവളർത്തൽ കേന്ദ്രം

...3/-

6. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ്
7. കറ്റാനം ഗവൺമെന്റ് റസ്റ്റ് ഹൗസ്
8. വാട്ടർ അതോറിറ്റി, മലപ്പുറം
9. ഭാഗ്യക്കുറി ക്ഷേമ നിധി ഓഫീസുകൾ (എല്ലാ ജില്ലകളിലും)
10. കണ്ണൂർ യൂണിവേഴ്സിറ്റി
11. ആലപ്പുഴ ജില്ലയിലെ അഞ്ചൽ ഈസ്റ്റ് സർക്കാർ സ്കൂളുകൾ
12. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
13. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട്
14. അനർട്ട്
15. ITDP
16. ഇൻഷുറൻസ് ഓഫീസ്, കൊല്ലം
17. കേരള അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്
18. ഹയർസെക്കൻഡറി ഡയറക്ടറേറ്റ്
19. പെരുമ്പടപ്പ് പഞ്ചായത്ത്
20. കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ
21. ചിൽഡ്രൻസ് ഹോം, കോട്ടയം
22. പൊല്യൂഷൻ കൺട്രോൾ ബോർഡ്, തിരുവനന്തപുരം

സെക്ഷൻ ഓഫീസർ